# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

## 1. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ഫെബ്രുവരി 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല.

## 2. "വിശുദ്ധ കുർബാനയാകുന്ന വിസ്മയം"

ഫെബ്രുവരി 7-ന് നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് ജനറൽ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയില്ല. പകരം നമ്മുടെ വി. കുർബാനയെക്കുറിച്ചുള്ള പഠനപരമ്പരയുടെ രണ്ടാം ഭാഗത്തുനിന്ന് ചോദ്യങ്ങൾ ഉണ്ടായിരിക്കും. വീഡിയോയുടെ രണ്ടാം ഭാഗം വിശ്വാസപരിശീലന കേന്ദ്രത്തിന്റെ യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

## 3. പരീക്ഷാ സൂപ്പർവൈസർമാർ

ഫെബ്രുവരി 7-ന് നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

## 4. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

a. പരീക്ഷ 2021 ഫെബ്രുവരി 7-നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30നു മുൻപായി എത്തുക.

c. ഡിപ്ലോമ പരീക്ഷ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തുന്നതാണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കുചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ് മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Centre Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ഫെബ്രുവരി 8-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9447952958

### 5. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് ഫെബ്രുവരി 7-ന് നടത്തുന്ന പരീക്ഷയിൽ പേര് രജിസ്റ്റർ ചെയ്ത് പങ്കെടുക്കാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്.

### 6. ഡിപ്ലോമ: നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ ഡിപ്ലോമ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്.

### 7. ഡിപ്ലോമ: നവോദയ, സ്പോർട്സ് സ്കൂൾ കുട്ടികൾ

നവോദയ, സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന, ഈ വർഷം ഡിപ്ലോമ പരീക്ഷ എഴുതേണ്ട കുട്ടികളെ റെഗുലർ സ്റ്റുഡന്റ്സ് ആയി കണക്കാക്കി രജിസ്ട്രേഷൻ നടത്തണം. ഇവർ പരീക്ഷയ്ക്കു മുമ്പായി അസൈൻമെന്റ് എഴുതി ഓഫീസിൽ നൽകേണ്ടതാണ്.

### 8. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 9. ഫെബ്രുവരി മാസത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ (ഉപപാഠം)

ജനുവരി 31-ാം തീയ്യതി ഞായറാഴ്ച മുതൽ "ഈശോയെ അറിയാൻ" എന്ന പേരിൽ ഉപപാഠ ക്ലാസ്സുകളുടെ സംപ്രേഷണം ആരംഭിച്ചു. ഫെബ്രുവരി മാസത്തിലെ നാല് ഞായറാഴ്ചകളിലും ഉപപാഠ ക്ലാസ്സുകളുടെ സംപ്രേഷണമുണ്ടായിരിക്കും. ഉപപാഠ ക്ലാസ്സുകളുടെ സംപ്രേഷണം താഴെകൊടുത്തിരിക്കുന്ന തീയതികളിൽ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ യുട്യൂബ് ചാനൽ വഴി നൽകുന്നതാണ്.

07-02-2021 ഞായർ

14-02-2021 ഞായർ

21-02-2021 ഞായർ

28-02-2021 ഞായർ

**10. സർവ്വേ ഫോം**

ഉപപാഠപുസ്തകവിതരണ ദിവസം നല്കിയ സർവ്വേ ഫോം പൂരിപ്പിച്ച് നൽകാത്തവർ ഫെബ്രുവരി 10-നുള്ളിൽ ഓഫീസിൽ കിട്ടത്തക്കവിധം അയയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**11. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴി ഭംഗിയായി ക്രമീകരിക്കാൻ വിശ്വാസപരിശീലന കേന്ദ്രം പരിശ്രമിക്കുന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വലിയ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരു കുട്ടിയുടെ പക്കൽ നിന്നും **20 രൂപ** (സ്റ്റുഡന്റ്സ് ഫണ്ട് + ചോദ്യപേപ്പർ) പരമാവധി നേരത്തെ തന്നെ collect ചെയ്യുമല്ലോ. ഒപ്പംതന്നെ ഓഫീസിൽ അടയ്ക്കേണ്ട മറ്റു തുകകളും (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു.

**12. റെഗുലർ സൺഡേ ക്ലാസ്സുകൾ**

എല്ലാ കുട്ടികളെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള റെഗുലർ സൺഡേ ക്ലാസ്സുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല എന്ന് നമുക്കറിയാം. എങ്കിലും ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ (5-11) ദൈവാലയത്തിൽ ഒരുമിച്ച് ചേർക്കാൻ പരിശ്രമിക്കണേ... വി. ബലിയിൽ പങ്കെടുക്കാനും കുമ്പസാരിക്കുവാനുമുള്ള സൗകര്യം ഒരുക്കിക്കൊടുക്കുമല്ലോ.

**13. വിശ്വാസോത്സവം 2021**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞവർഷം വിശ്വാസോത്സവം നടത്തുവാൻ സാധിച്ചില്ലല്ലോ. ഈ വർഷം വിശ്വാസോത്സവം ഉണ്ടായിരിക്കും. വർക്കുബുക്കുകളുടെ വിതരണം എല്ലാ ഫൊറോനകളിലും കഴിഞ്ഞു. വിശ്വാസോത്സവ സംബന്ധമായ വിശദവിവരങ്ങൾ അടുത്തമാസം അറിയിക്കുന്നതാണ്.

**14. അഭിനന്ദനങ്ങൾ**

ചൂരപ്പടവ് സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകനായ ശ്രീ. മാത്യു അരീക്കാട്ട് സാറിന്റെ മകൻ ഫാ. പയസ് അരീക്കാട്ട്, കരിക്കോട്ടക്കരി സൺഡേ സ്കൂൾ അധ്യാപികയായ ശ്രീമതി ലിസി ചെരിയൻകുന്നേൽ ടീച്ചറിന്റെ മകൻ ഫാ. ജസ്വിൻ ചെരിയൻകുന്നേൽ എന്നിവർ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യപട്ടം സ്വീകരിച്ചു. രണ്ട് കുടുംബാംഗങ്ങൾക്കും അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

### 15. ഡിപ്ലോമ പരീക്ഷ (2010 - 2018) നന്ദി

2010 - 2018 വർഷങ്ങളിൽ നടത്തിയ ഡിപ്ലോമ എഴുതുവാൻ പറ്റാതെ പോയ 144 കുട്ടികൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം പത്ത് ഓൺലൈൻ ക്ലാസ്സുകൾ നടത്തുകയുണ്ടായി. ക്ലാസ്സുകൾ എടുത്ത് സഹായിച്ച റവ ഫാ. വിപിൻ ആനചാരിക്കൽ, സി. ലിൻസി അഗസ്റ്റിൻ SH, ശ്രീ. മാനുവൽ പരത്തനാൽ, ശ്രീ. സജി വള്ളോപ്പിള്ളി, ശ്രീ. ജോബി മൂലയിൽ എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

2021 ജനുവരി 26-ാം തീയ്യതി 144 കുട്ടികളുടെയും വാചിക പരീക്ഷ നടത്തി. പരീക്ഷയ്ക്ക് നേതൃത്വം നൽകിയ സി. ടെർസിറ്റ NS, സി. പുഷ്പ CMC, സി. ബ്ലെസ്സി മാളിയേക്കൽ SABS, സി. ജോസ്ന CMC, സി. പ്രിൻസി NS, സി. ലെയോണ തേരേസ് NS, സി. ലിറ്റി NS, സി. ബെറ്റ്സി SABS, സി. ഉഷറ്റ് CMC, സി. ജ്യോതിസ് മരിയ SH എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

### 16. വിശ്വാസപരിശീലകരുടെ Zoom കോൺഫറൻസ്

അതിരൂപതയിലെ വിശ്വാസപരിശീലകരുടെ മീറ്റിംഗ് ക്ലാസ്സടിസ്ഥാനത്തിൽ ഓൺലൈനായി നടത്തുവാൻ ആഗ്രഹിക്കുന്നു. കോവിഡ് കാലഘട്ടത്തിൽ നടത്തിയ വിശ്വാസപരിശീലന പ്രവർത്തനങ്ങളെപ്പറ്റി അറിയുവാനും വേണ്ട നിർദ്ദേശങ്ങൾ നല്കുവാനുമാണ് മീറ്റിംഗ് സംഘടിപ്പിക്കുന്നത്. മീറ്റിംഗ് നടത്തുന്ന സമയവും തീയതിയും താഴെകൊടുക്കുന്നു.

| ക്ലാസ്സ് | തീയതി | സമയം |
|---|---|---|
| ക്ലാസ്സ് 1-2 | ഫെബ്രുവരി 9 ചൊവ്വ | 9 pm - 9.45 pm |
| ക്ലാസ്സ് 3, 5 | ഫെബ്രുവരി 10 ബുധൻ | 9 pm - 9.45 pm |
| ക്ലാസ്സ് 6-7 | ഫെബ്രുവരി 11 വ്യാഴം | 9 pm - 9.45 pm |
| ക്ലാസ്സ് 8-9 | ഫെബ്രുവരി 12 വെള്ളി | 9 pm - 9.45 pm |
| ക്ലാസ്സ് 10-11 | ഫെബ്രുവരി 15 തിങ്കൾ | 9 pm - 9.45 pm |

### 17. ജീവന്റെ അപ്പം - പ്രഥമദിവ്യകാരുണ്യ സ്വീകരണ ക്ലാസ്സുകൾ

കുട്ടികളുടെ പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിനൊരുക്കമായുള്ള "ജീവന്റെ അപ്പം" എന്ന പേരിൽ 17 എപ്പിസോഡുകളിൽ വിശ്വാസപരിശീലന കേന്ദ്രം തയ്യാറാക്കി നൽകുകയുണ്ടായി. സി. ഹെലൻ FCC, സി. മരിയറ്റ് MSMI, സി. ജെസ്റ്റീന MSMI, സി. ക്ലെറിൻ SABS, സി. റോസ്ന SH, സി. ആൻസി SH, സി. സീന സേവ്യർ FCC, സി. ആഷ്ന തോമസ് MSMI എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കാസർഗോഡ് ഇടവകാംഗമായ റോസ്മേരി നോബിൾ നരിപ്പാറയിൽ, പേരാവൂർ ഇടവകാംഗമായ ആരാധ്യ ബിജു കണ്ടംപറമ്പിൽ എന്നിവർ ക്ലാസ്സുകളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകി. എല്ലാവർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി.

### 18. ഉണ്ണീശോയുടെ കുഞ്ഞുങ്ങൾ - ബൈബിൾ നഴ്സറി ക്ലാസ്സ്

ഉണ്ണീശോയുടെ കുഞ്ഞുങ്ങൾ എന്ന പേരിൽ ബൈബിൾ നഴ്സറി ക്ലാസ്സിന്റെ 11 എപ്പിസോഡുകൾ വിശ്വാസപരിശീലനകേന്ദ്രം സംപ്രേഷണം ചെയ്തു. സി. ജെസ്റ്റീന MSMI, സി. മരിയറ്റ് MSMI, സി. ആഷ്ന തോമസ് MSMI, സി. അബിന MSMI, സി. സിമി MSMI, സി. ജിസ്സിയ തോമസ് MSMI, സി. ജിൻസി പോൾ MSMI എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഓടംതോട് ഇടവകാംഗമായ ലെയോണ ആൻ ജോർജ് ക്ലാസ്സുകളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകി. എല്ലാവർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഊഷ്മളമായ നന്ദി.

### 19. ഡിപ്ലോമ ചോദ്യപേപ്പർ വിതരണം

ഫെബ്രുവരി 3,4,5 തീയതികളിലായിരിക്കും ചോദ്യപേപ്പർ വിതരണം നടത്തുക. ചോദ്യപേപ്പർ വിതരണ ദിവസം ഡയറക്ടറച്ചൻ എല്ലാ ഫൊറോനകളിലും വരുന്നുണ്ട്. അന്നേ ദിവസം പരീക്ഷയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾ നല്കുന്നതാണ്. ഓരോ ഫൊറോനയിലും വരുന്ന തീയതിയും സമയവും താഴെകൊടുക്കുന്നു.

| **ഫൊറോന** | **തീയതി** | **സമയം** |
|---|---|---|
| പേരാവൂർ | 03-02-2021 ബുധൻ | 9.00 am |
| എടൂർ | 03-02-2021 ബുധൻ | 10.30 am |
| കുന്നോത്ത് | 03-02-2021 ബുധൻ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 03-02-2021 ബുധൻ | 2.30 pm |
| പൈസക്കരി | 03-02-2021 ബുധൻ | 3.45 pm |
| ചെമ്പേരി | 03-02-2021 ബുധൻ | 5.00 pm |
| ചെമ്പന്തൊട്ടി | 04-02-2021 വ്യാഴം | 9.00 am |
| വായാട്ടുപറമ്പ് | 04-02-2021 വ്യാഴം | 10.30 am |
| ആലക്കോട് | 04-02-2021 വ്യാഴം | 12.00 pm |
| മേരിഗിരി | 04-02-2021 വ്യാഴം | 2.30 pm |
| ചെറുപുഴ | 04-02-2021 വ്യാഴം | 3.45 pm |
| തോമാപുരം | 04-02-2021 വ്യാഴം | 5.00 pm |
| വെള്ളരിക്കുണ്ട് | 05-02-2021 വെള്ളി | 9.00 am |
| പനത്തടി | 05-02-2021 വെള്ളി | 11.30 am |
| കാഞ്ഞങ്ങാട് | 05-02-2021 വെള്ളി | 2.30 pm |
| തളിപ്പറമ്പ് | 05-02-2021 വെള്ളി | 5.00 pm |

**20. വിവിധ മീറ്റിംഗുകൾ - നന്ദി**

a. 17-01-2021 ഞായറാഴ്ച ബഹു. ഫൊറോന പ്രസിഡണ്ടുമാർക്കും പ്രധാനാധ്യാപകർക്കും Zoom മീറ്റിംഗ് സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും നന്ദി.

b. 19-01-2021 ചൊവ്വാഴ്ച 12-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് Zoom മീറ്റിംഗ് സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും നന്ദി.

c. 26-01-2021 ചൊവ്വാഴ്ച 4-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് Zoom മീറ്റിംഗ് സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**21. ദിയാക്കോണിയ**

ഫെബ്രുവരി - മാർച്ച് മാസത്തിൽ കുട്ടികൾ ചെയ്യേണ്ട ദിയാകോണിയ കർമ്മപദ്ധതികൾ താഴെകൊടുക്കുന്നു.

1) **ഉത്സവ്:** മിഷൻ പച്ചക്കറിത്തോട്ടത്തിലെയും സ്വന്തം കൃഷി ഇടത്തിലെയും (ഏദേൻ തോട്ടം) വിളവുകൾ ഇടവകാതലത്തിൽ വിൽപ്പനക്കായി എത്തിക്കുന്നു.

2) **Eco Training:** പേപ്പർ ക്യാരിബാഗ് - ക്ലോത്ത്ബാഗ്, മണ്ണിരകമ്പോസ്റ്റ്, ജൈവ കീടനാശിനി, സോപ്പ്, ലോഷൻ എന്നിവ തയ്യാറാക്കാൻ പഠിപ്പിക്കുന്നു.

3) **പ്രചോദ്:** Echo friendly ഇനങ്ങളുടെ പ്രദർശനം.

**22. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ ഉമ്മറപൊയിൽ, പാടാംകവല എന്നീ ഇടവകകളിലെ വിശ്വാസപരിശീലകരെയും കുട്ടികളെയും സന്ദർശിച്ചു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ** — അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ** — ഡയറക്ടർ, 9447952958